2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത

5 (*785) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി എത്ര പദ്ധതികൾ അനുവദിക്കുകയുണ്ടായി ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) മുടങ്ങിക്കിടന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിച്ച് കൂടുതൽ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ വിവിധ ഏജൻസികളുടെ ധനസഹായത്തോടെ വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നുണ്ട്. ഇവ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ചെറുതും വലുതുമായ 74 പദ്ധതികൾ പൂർത്തീകരിക്കുകയും ഇതിലൂടെ കൂടുതൽ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കുകയും ചെയ്തു. പുതിയ ഒരു പൈപ്പ് പോളിസി അംഗീകരിച്ച് നടപ്പാക്കി. പൈപ്പ് ചോർച്ചമൂലം ശുദ്ധജലം നഷ്ടപ്പെടുന്നത് തടയുന്നതിനുവേണ്ടി സംസ്ഥാന ബജറ്റിൽ പ്രത്യേക ഫണ്ട് വകയിരുത്തി കാലപ്പഴക്കം ചെന്നതും നിരന്തരം പൊട്ടുന്നതുമായ പൈപ്പുകൾ മാറ്റിയിട്ടുവരികയും അതിലൂടെ ശുദ്ധജലം കൂടുതലായി ജനങ്ങൾക്ക് എത്തിക്കുവാനും സാധിക്കുന്നു. ഇതിനുപുറമെ കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളിലേയ്ക്ക് കടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി എൻ.ആർ.ഡി.ഡബ്ല്യു.പി., നബാർഡ്, സ്റ്റേറ്റ് പ്ലാൻ എന്നിവയിലുൾപ്പെടുത്തി വിവിധ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രോജക്ടുകളുടെ നടത്തിപ്പിനായി പ്രത്യേക ഡിവിഷൻ രൂപീകരിച്ചു. ഇ-ടെണ്ടർ നടപ്പിലാക്കി. ഗാർഹിക വാട്ടർ കണക്ഷൻ നൽകാനുള്ള നടപടികൾ ലഘൂകരിച്ചു.

സ്ഥാപന ശാക്തീകരണം, ഹെൽപ്പ് ലൈൻ പരാതികൾ സ്വീകരിക്കൽ, ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തൽ എന്നിവ നടപ്പിലാക്കി. പ്രോജക്ടുകളുടെ മേൽ നോട്ടത്തിനായി പാസ്സ് സോഫ്റ്റ്വെയർ ഏർപ്പെടുത്തി. വീഡിയോ കോൺഫറൻസിംഗ് വഴി എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങൾ തുടർച്ചയായി വിലയിരുത്തുന്നു.

കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി സ്റ്റെപ്പ്സ്, ഒ. & എം., ബിൽ എൻട്രി, എച്ച്.ആർ., ഇ-അബാക്കസ്, ബില്ലിംഗ്, ഓഫീസ് ഓട്ടോമേഷന്റെ ഭാഗമായി ഓഫീസുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കൽ എന്നിവ നടത്തിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ പെൻഷൻ വിതരണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി കേന്ദ്രീകൃത പെൻഷൻ വിതരണ സമ്പ്രദായം നടപ്പിലാക്കി. പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ബയോമെട്രിക് പഞ്ചിംഗ് സംവിധാനവും കമ്പ്യൂട്ടർ വഴി ഫയലുകൾ നീക്കുന്നതിനായി ഡി.ഡി.എഫ്.എസ്. എന്ന സോഫ്റ്റ്വെയറും നടപ്പിലാക്കി. കൂടാതെ സേവനാവകാശ നിയമം നടപ്പിലാക്കുകയും ട്രേഡ് യൂണിയനുകളുടെ റഫറണ്ടം നടപ്പിലാക്കുകയും ചെയ്തു.

ജൈക്ക സാമ്പത്തിക സഹായത്തോടെ സ്ഥാപന ശാക്തീകരണം മുഖേന വിവിധ പ്രവൃത്തികളിലൂടെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തിവരുന്നു.

(ബി) ഇതിനായി അനുവദിച്ച പദ്ധതികളുടെ വിശദവിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി & ഡി) മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വേണ്ടി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥൻമാരുടെയും നേതൃത്വത്തിൽ യോഗങ്ങൾ നടത്തി തടസ്സങ്ങൾ നീക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. എല്ലാ മാസവും വീഡിയോ കോൺഫറൻസിംഗ് മുഖേന മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം നടത്തുന്നുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രധാന ഘടകങ്ങൾക്ക് സ്ഥലം ലഭിക്കാത്തതിനാൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾക്ക് പഞ്ചായത്തുകളുമായി കൂടിയാലോചിച്ച് അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്. പൈപ്പ് ഇടുന്നതിന് ആവശ്യമായ ബന്ധപ്പെട്ട വകുപ്പുകളുടെ അംഗീകാരം സംബന്ധിക്കുന്ന തടസ്സങ്ങൾ അതാത് ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമായി ആലോചിച്ച് തീർപ്പാക്കിവരുന്നു.

ജൈക്ക പദ്ധതിയുടെ പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറും പദ്ധതിയുടെ ചുമതലയുള്ള ചീഫ് എഞ്ചിനീയറും നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വകുപ്പുമന്ത്രി തലവനായിട്ടുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസ് കമ്മിറ്റി എന്നിവ സർക്കാർ തലത്തിൽ പ്രോജക്ടിന്റെ നടത്തിപ്പിനായി പ്രത്യേകം രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായിവരുന്ന നിർദ്ദേശങ്ങളും അംഗീകാരങ്ങളും കേരള വാട്ടർ അതോറിറ്റി ബോർഡിൽനിന്നും നൽകുന്നുണ്ട്. ജില്ലാ തലത്തിലും കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

കലോൽസവത്തിൽ എ ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം

6 (*786) ശ്രീ. പി. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാന സ്കൂൾ കലോൽസവത്തിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്നു മുതലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി തുടങ്ങിയത് ;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly